©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്



| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 22nd August 2011<br>2011 ആഗസ്റ്റ് 22<br>31st Sravana 1933<br>1933 ശ്രാവണം 31 | No. 1599<br>നമ്പർ |



GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 108/2011/LBR. *Dated, Thiruvananthapuram, 9th August, 2011.*

**S. R. O. No. 512/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 1262/E1/2010/LBR dated 4th February, 2011 in the Kerala Gazette Extraordinary No. 270 dated 5th February, 2011 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in the Employment in Water transport other than motor boat transport in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

SCHEDULE

**1. Daily Basic Wages**

| *Sl. No.* | *Work/Category* | *Daily Basic Wages* |
|---|---|---|
| 1. | Vanchi, Vallam, Changadam rawers | ₹ 225 |
| 2. | Helper | ₹ 205 |

**2. Annual Increment**:—The above stated rates are fixed on the basis of Consumer Price Index calculated proportionate to Dearness Allowance published by Department of Economics and Statistics for September 2010. For every increase of five points in Consumer Price Index after September 2010, five percent increase will be granted on the basic wages and the enhanced wages on the basis of this shall be paid to the employees from January of next year. The wages so fixed will not be reduced even if there is subsequent reduction in the Consumer Price Index.

3. The employees who are at present getting wages higher than the minimum wages shall continue to be entitled to get such higher rates.

4. The monthly rate in respect of those category of employees for whom daily rate is fixed may be calculated by multiplying the daily rate by 26.

By order of the Governor,

ANIL, X.,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 1262/EI/2010/LBR dated 4th February, 2011 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in the Employment in Water transport other than motor boat transport in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി.ഒ.(എം.എസ്.)നമ്പർ 108/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 9.*

**എസ്. ആർ. ഒ. നമ്പർ 512/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ഫെബ്രുവരി 5-ാം തീയതിയിലെ 270-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ഫെബ്രുവരി 4-ാം തീയതിയിലെ 1262/ഇ1/2010/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും, അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട് ഒഴികെയുള്ള ജലഗതാഗത", തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

1. **പ്രതിദിന അടിസ്ഥാന വേതനം**

| *ക്രമ നമ്പർ* | *ജോലി/വിഭാഗം* | *പ്രതിദിന അടിസ്ഥാന വേതനം* |
|---|---|---|
| 1. | വഞ്ചി/വള്ളം/ചങ്ങാടം തുഴക്കാർ | ₹ 225 |
| 2. | ഹെൽപ്പർ | ₹ 205 |

2. **വാർഷിക വർദ്ധനവ്**:—മേൽപ്പറഞ്ഞ നിരക്കുകൾ സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച 2010 സെപ്തംബർ മാസത്തെ ഉപഭോക്തൃ വില സൂചികയ്ക്ക് (1998-99 = 100) ആനുപാതികമായി കണക്കാക്കിയിരിക്കുന്നു. 2010 സെപ്തംബർ മാസത്തിനുശേഷം ഉപഭോക്തൃ വില സൂചികയിൽ വർദ്ധിക്കുന്ന ഓരോ അഞ്ച് പോയിന്റിനും മേൽ അടിസ്ഥാന വേതനത്തിന്റെ 5 ശതമാനം വർദ്ധനവ് നൽകുന്നതും ഇതിന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന വേതനം അടുത്ത വർഷം ജനുവരി മാസം മുതൽ നൽകേണ്ടതാണ്. ഉപഭോക്തൃ വില സൂചികയിൽ പിന്നീട് കുറവ് വന്നാലും അപ്രകാരം നിശ്ചയിക്കപ്പെട്ട വേതനത്തിൽ കുറവ് വരുത്താൻ പാടുള്ളതല്ല.

3. നിലവിൽ ഉയർന്ന നിരക്കിൽ വേതനം ലഭിച്ചുവരുന്ന ജീവനക്കാർക്ക് അത്തരം ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

4. ദിവസനിരക്ക് നിശ്ചയിച്ചിട്ടുള്ള വിഭാഗം ജീവനക്കാരെ സംബന്ധിച്ചുള്ള മാസനിരക്ക് ദിവസനിരക്കിനെ 26 കൊണ്ട് ഗുണിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട് ഒഴികെയുള്ള ജലഗതാഗത" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ഫെബ്രുവരി 4-ാം തീയതിയിലെ 1262/ഇ1/2010/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച ശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.